ആരെങ്കിലും രണ്ട് പെൺകുട്ടികളെ പ്രായപൂർത്തിയാകുന്നത് വരെ നോക്കിവളർത്തിയാൽ ഖിയാമത് നാളിൽ വന്നെത്തുമ്പോൾ അവനും ഞാനും ഇപ്രകാരമായിരിക്കും." (എന്നു പറഞ്ഞു കൊണ്ട്) തന്റെ വിരലുകൾ അവിടുന്ന് ചേർത്തുപിടിച്ചു

അനസ് ബ്നു മാലിക് -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -ﷺ- പറഞ്ഞു: "ആരെങ്കിലും രണ്ട് പെൺകുട്ടികളെ പ്രായപൂർത്തിയാകുന്നത് വരെ നോക്കിവളർത്തിയാൽ ഖിയാമത് നാളിൽ വന്നെത്തുമ്പോൾ അവനും ഞാനും ഇപ്രകാരമായിരിക്കും." (എന്നു പറഞ്ഞു കൊണ്ട്) തന്റെ വിരലുകൾ അവിടുന്ന് ചേർത്തുപിടിച്ചു.
[صحيح] [رواه مسلم]

ആർക്കെങ്കിലും രണ്ട് പെൺമക്കളോ സഹോദരിമാരോ ഉണ്ടായിരിക്കുകയും, അവരെ വളർത്തുന്നതിന്റെ ചെലവ് അവൻ വഹിക്കുകയും, അവരെ നല്ല സ്വഭാവ മര്യാദകൾ പഠിപ്പിക്കുകയും, നന്മയിലേക്ക് വഴികാണിക്കുകയും, തിന്മകളിൽ നിന്ന് താക്കീത് നൽകുകയും മറ്റുമെല്ലാം ചെയ്യുകയും, അങ്ങനെ അവർ വലുതാവുകയും പ്രായപൂർത്തിയെത്തുകയും ചെയ്താൽ അതിനുള്ള പ്രതിഫലമായി അന്ത്യനാളിൽ അവൻ നബി -ﷺ- യോടൊപ്പമായിരിക്കും വന്നെത്തുക; നബിയുമായുള്ള അവരുടെ അടുപ്പം സൂചിപ്പിച്ചു കൊണ്ട്) അവിടുന്ന് -ﷺ- തന്റെ ചൂണ്ടുവിരലും നടുവിരലും ചേർത്തു പിടിച്ചു കാണിച്ചു.

http://sunnah.global/hadeeth/ml/show/3360